LIBRARY ARCHIVES Kerala Legislative Assembly

## ശാസ്താംകോട്ട ഡിപ്പോയുടെ പ്രവർത്തനം

128 [3137] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്ക് ആസ്ഥാനമായ ശാസ്താംകോട്ടയിൽ ബസ്സ് ഡിപ്പോ പ്രവർത്തനം ആരംഭിക്കാത്തതിനാൽ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിന്നോക്ക പ്രദേശമായ ശാസ്താംകോട്ടയിലെ ട്രാൻസ്പോർട്ട് ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) കുന്നത്തൂർ മണ്ഡലത്തിൽ കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പുതിയ ഡിപ്പോകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

(സി) കുന്നത്തൂർ മണ്ഡലത്തിൽ കൂടുതൽ സർവ്വീസുകൾ ആവശ്യമാണെന്നുകണ്ടാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ

129 [3138] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന 34 ഷെഡ്യൂളുകളുടെയും ഇ. പി. കെ. എം. എത്രയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇ.പി.കെ.എം. ഇതിലും കുറവുള്ള സർവ്വീസുകൾ സംസ്ഥാനത്തെ മറ്റേതെങ്കിലും ഡിപ്പോയിൽനിന്ന് ഓപ്പറേറ്റ് ചെയ്യുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ബി) ചാത്തന്നൂർ ഡിപ്പോയിലെ സർവ്വീസുകളിൽ ഏറ്റവും കുറഞ്ഞ ഇ. പി. കെ. എം. 1.69 രൂപയാണ്. ഇതിലും കുറഞ്ഞ ഇ. പി. കെ. എം. ഉള്ള സർവ്വീസുകൾ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റ് ചെയ്യുന്നില്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.